പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1265** **03.10.2016 ൽ മറുപടിയ്ക്ക്**

**സെക്രട്ടേറിയറ്റിലെ കമ്പ്യൂട്ടർവത്ക്കരണം**

| | ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | | മറുപടി<br>ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി ) |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിലെ പോലെ കമ്പ്യൂട്ടർവത്ക്കരണം പൊതുഭരണ വകുപ്പിൽ പൂർത്തീകരിക്കുമോ; | (എ) യും ബി) യും (സി) യും | പൊതുഭരണ വകുപ്പിലെ കമ്പ്യൂട്ടർ വത്ക്കരണം പൂർത്തീകരിച്ചിട്ടുണ്ട്.ഫയൽ കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥർക്കും കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നെറ്റ് വർക്ക് സൗകര്യവും നൽകിയിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനും അവ സ്ഥാപിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഐ.ടി ഹാർഡ് വെയർ പോളിസി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ എന്തെങ്കിലും മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; | | |
| (സി) | സമയബന്ധിതമായ കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ